## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 64 | 28-11-2018 -ൽ മറുപടിക്ക്

### പ്രളയാനന്തര നാശനഷ്ടങ്ങൾക്ക് അനുവദിച്ച സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ. ബാബു | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) | ഇക്കഴിഞ്ഞ പ്രകൃതി ദുരന്തത്തിൽ മനുഷ്യ ജീവനുൾപ്പെടെ എന്തെല്ലാം നാശനഷ്ടങ്ങളാണ് സംസ്ഥാനത്തുണ്ടായിട്ടുള്ളത് എന്ന് വിശദമാക്കുമോ; | എ) | 435 മനുഷ്യ ജീവനുകളാണ് സംസ്ഥാനത്ത് പ്രളയം കവർന്നെടുത്തത്. ഐക്യരാഷ്ട്ര സഭയുടെ PDNA (Post Disaster Need Assesment) റിപ്പോർട്ട് പ്രകാരം ആകെ 26,718 കോടി രൂപയുടെ നഷ്ടമാണ് കേരളത്തിലുണ്ടായിരിക്കുന്നത്. 17,316 വീടുകൾ പൂർണമായും 2,16,000 വീടുകൾ ഭാഗികമായും (PDNA റിപ്പോർട്ട് അടിസ്ഥാനത്തിൽ) തകർന്നു. കൃഷി, ഊർജ്ജം, ജലസേചനം, ഗതാഗതം, ഉപജീവന മാർഗങ്ങൾ ഉൾപ്പെടെയുള്ള സർവ്വ മേഖലകളിലും വലിയ നാശനഷ്ടങ്ങളാണ് സംസ്ഥാനത്തുടനീളം പ്രളയം ഉണ്ടാക്കിയത്. കേരളത്തിന്റെ പുനർനിർമാണത്തിനായി 31,000 കോടി രൂപയെങ്കിലും വേണ്ടി വരുമെന്നാണ് PDNA റിപ്പോർട്ട് കണക്കാക്കുന്നത്. |
| ബി) | ഇത്തരത്തിലുള്ള നഷ്ടങ്ങൾ കണക്കാക്കി കേന്ദ്ര സർക്കാരിൽ നിന്നും എത്ര തുകയാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതെന്നും അതിൽ എത്രയാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ? | ബി) | രണ്ട് ഘട്ടങ്ങളിലായി ആകെ 5616.7 കോടി രൂപയാണ് ദേശീയ ദുരന്ത പ്രതികരണ നിധിയുടെ നിലവിലെ മാനദണ്ഡമനുസരിച്ച് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. നാളിതു വരെ 600 കോടി രൂപയാണ് ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്ന് സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ